

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## *ചിറ്റൂർ, തത്തമംഗലത്ത് വൻ കഞ്ചാവ് വേട്ട ; 10 കിലോ ഗ്രാം കഞ്ചാവുമായി ഒഡീഷ സ്വദേശി പിടിയിൽ*

10 കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശിയെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചിറ്റൂർ പോലീസും സംയുക്കമായി നടത്തിയ പരിശോധനക്കിടെ പിടികൂടിയത്. ഒഡീഷ, കന്തമാൽ സ്വദേശി ചിത്ര സെൻ പട്ടമാജി വ :38 ആണ് തത്തമംഗലം ബസ് സ്റ്റാൻഡ് പരിസരത്തിൽ നിന്നും പിടിയിലായത്.

# 10 കിലോകഞ്ചാവുമായി ഒഡീഷ സ്വദേശി പിടിയിൽ

ചിറ്റൂർ: ചിറ്റൂർ തത്തമംഗലത്ത് വൻ ലഹരി വേട്ട. 10 കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശി പിടിയിൽ. ഇന്നലെ വൈകീട്ട് തത്തമംഗലം ബസ്സ്റ്റാൻഡ് പരിസരത്തു നിന്നും ഒഡീഷ കന്തമാൽ സ്വദേശി ചിത്രസെൻ പട്ടമാജി (38)യാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചിറ്റൂർ പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ പിടിയിലായത്.

▪ ചിത്രസെൻ

ഒറീസയിൽ നിന്നാണ് കഞ്ചാവ് വാങ്ങിവന്നതെന്ന് പ്രതി മൊഴി നൽകി. ട്രെയിൻ മാർഗം കോയമ്പത്തൂർ എത്തിയശേഷം ബസിലാണ് തത്തമംഗലത്ത് വന്നത്. പിടിച്ചെടുത്ത കഞ്ചാവിന് ആറുലക്ഷം രൂപ വിലവരും. എറണാകുളം ഭാഗത്തേക്ക് കൊണ്ടുപോകുന്ന കഞ്ചാവാണ് പിടികൂടിയത്. സ്കൂൾ, കോളജ് വിദ്യാർഥികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരാണ് പ്രധാന ഉപഭോക്താക്കൾ.

ഒറീസയിലെ കാടുകളിൽ കഞ്ചാവ് വിളവെടുപ്പ് സീസണായതിനാൽ കേരളത്തിലേക്ക് കഞ്ചാവ് കടത്ത് വർധിച്ചിട്ടുണ്ട്.

കഴിഞ്ഞ ഒരാഴ്ചക്കിടെ പോലീസും, എക്സൈസും ചേർന്ന് നൂറുകിലോയോളം കഞ്ചാവാണ് പാലക്കാട് പിടികൂടിയത്. ട്രെയിൻ, ബസ് മാർഗമാണ് കഞ്ചാവ് കൊണ്ടുവരുന്നത് കൂടാതെ ചരക്കു ലോറികളിലും കടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

പാലക്കാട് ഡിവൈ.എസ്.പി: സാജു കെ. എബ്രഹാം, ചിറ്റൂർ എസ്.ഐ: സുധീഷ്, ജി.എസ്.ഐ.മാരായ മുഹമ്മദ് റാഫി, ജയൻ, എ.എസ്.ഐ.മാരായ വിജയകുമാർ, സന്തോഷ്, എസ്.സി.പി.ഒ: രാജേഷ്, സി.പി.ഒ. ബിബിൻ, ഹോം ഗാർഡ് സന്തോഷ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എസ്. ജലീൽ, വി. ജയകുമാർ, ടി.ആർ. സുനിൽകുമാർ, ബി. നസീറലി, സി. വിജയാനന്ദ്, കെ. അഹമ്മദ് കബീർ, ആർ. വിനീഷ്, എച്ച്. ഷാജഹാൻ, എസ്. ഷനോസ്, ആർ. രാജീദ്, എസ്. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്. പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP ബാബു തോമസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. ഒറീസ്സയിൽ നിന്നുമാണ് കഞ്ചാവ് വാങ്ങിച്ചിട്ടു വന്നതെന്ന് പ്രതി മൊഴി നൽകി. പിടിച്ചെടുത്ത കഞ്ചാവിന് 6 ലക്ഷം രൂപ വില വരും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരാണ് പ്രധാന ഉപഭോക്താക്കൾ.

പാലക്കാട് DySP. സാജു K എബ്രഹാം, ചിറ്റൂർ S.I. സുധീഷ്, GSI മാരായ മുഹമ്മദ് റാഫി, ജയൻ ASI മാരായ വിജയകുമാർ ,സന്തോഷ്, SCPO രാജേഷ്, CPO ബിബിൻ ഹോം ഗാർഡ് സന്തോഷ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, V. ജയകുമാർ, T. R. സുനിൽ കുമാർ, B.നസീറലി, C. വിജയാനന്ദ്, K. അഹമ്മദ് കബീർ, R. വിനീഷ്, H.ഷാജഹാൻ, S. ഷനോസ്, R. രാജീദ് S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

.................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT